**കാലിക്കറ്റ് സർവ്വകലാശാല**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വിഭാഗം**
**പത്രക്കുറിപ്പ്**

**2010 ജൂൺ 15**

## ബിരുദാനന്തര കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കാലിക്കറ്റ് സർവ്വകലാശാല എം.എ./എം.എസ്.സി./എം.കോം./എം.ടി.എ./എം.എൽ.ഐ.എസ്.സി. കോഴ്സുകൾക്ക് സി.സി.എസ്.എസ് പ്രകാരം 2010-11 അധ്യയനവർഷത്തേക്ക് വിവിധ പഠനവിഭാഗങ്ങളിലേക്ക് പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. കോഴ്സ് കാലാവധി 4 സെമസ്റ്റർ.

**ഫാക്കൽട്ടി ഓഫ് സയൻസ് :** 1) എം.എസ്.സി. അപ്ലൈഡ് പ്ലാന്റ് സയൻസ് - യോഗ്യത: പാർട്ട് മൂന്നിൽ (സബ്സിഡറി ഒഴികെ) 50 % മാർക്കോടെ അംഗീകൃത ബി.എസ്.സി. ബോട്ടണി/പ്ലാന്റ് സയൻസ് ബിരുദം. 2) എം.എസ്.സി. അപ്ലൈഡ് കെമിസ്ട്രി - യോഗ്യത: ഫിസിക്സും കണക്കും സബ്സിഡറിയായി പഠിച്ച അംഗീകൃത ബി.എസ്.സി. കെമിസ്ട്രി ബിരുദം. 3) എം.എസ്.സി. ബയോകെമിസ്ട്രി - യോഗ്യത: മുഖ്യ വിഷയത്തിന് 50 % മാർക്കോടെ അംഗീകൃത ബി.എസ്.സി. ബയോകെമിസ്ട്രി ബിരുദം. 4) എം.എസ്.സി. ഹ്യൂമൻ ഫിസിയോളജി - യോഗ്യത: ഒപ്ഷണൽ വിഷയങ്ങൾക്ക് കുറഞ്ഞത് (സബ്സിഡറി ഒഴികെ) 50 % മാർക്കോടെ അംഗീകൃത ബി.എസ്.സി. ഫിസിയോളജി/മെഡിക്കൽ/പാരാമെഡിക്കൽ/ബയോളജിക്കൽ സയൻസ് ബിരുദം. 5) എം.എസ്.സി. മാത്തമാറ്റിക്സ് - യോഗ്യത: മുഖ്യ വിഷയത്തിന് 50 % മാർക്കോടെ അംഗീകൃത ബിരുദം. 6) എം.എസ്.സി. മൈക്രോബയോളജി - യോഗ്യത: മുഖ്യ വിഷയത്തിന് 50 % മാർക്കോടെ അംഗീകൃത ബി.എസ്.സി. മൈക്രോബയോളജി (റഗുലർ കോഴ്സ്) ബിരുദം. 7) എം.എസ്.സി. ഫിസിക്സ് - യോഗ്യത: മുഖ്യ വിഷയത്തിന് 50 % മാർക്കോടെ അംഗീകൃത ഫിസിക്സ് ബിരുദം-മാത്തമാറ്റിക്സ് സബ്സിഡറിയായി പഠിച്ചിരിക്കണം. 8) എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് - യോഗ്യത: സ്റ്റാറ്റിസ്റ്റിക്സ്/മാത്തമാറ്റിക്സ്/അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ്/ഡബിൾ മെയിൻ (സ്റ്റാറ്റിസ്റ്റിക്സ് & മാത്തമാറ്റിക്സ്) മുഖ്യ വിഷയമായി പഠിച്ച് 50 % മാർക്കോടെ അംഗീകൃത ബി.എസ്.സി. ബിരുദമോ സ്റ്റാറ്റിസ്റ്റിക്സ് & മാത്തമാറ്റിക്സ് സബ്സിഡറിയായി പഠിച്ച് 50% മാർക്കോടുകൂടിയ ബി.എസ്.സി. ബിരുദം. 9) എം.എസ്.സി. അപ്ലൈഡ് സുവോളജി - യോഗ്യത: മുഖ്യ വിഷയത്തിന് 50 % മാർക്കോടെ അംഗീകൃത ബി.എസ്.സി. സുവോളജി ബിരുദം.

**ഫാക്കൽട്ടി ഓഫ് കൊമേഴ്സ് ആന്റ് മാനേജ്മെന്റ് :** 1) എം.കോം. യോഗ്യത: 45 % മാർക്കോടെയുള്ള അംഗീകൃത ബി.കോം/ബി.ബി.എ. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**ഫാക്കൽട്ടി ഓഫ് ആർട്സ്/ഹ്യൂമാനിറ്റീസ്/ലാംഗ്വേജ് :** 1) എം.എ. അറബിക് ലാംഗ്വേജ് & ലിറ്ററേച്ചർ/മലയാളം/ഹിന്ദി/സംസ്കൃതം- യോഗ്യത: പാർട്ട് രണ്ട് ലാംഗ്വേജിന് 45 % മാർക്കോടെ ബി.എ./ബി.എസ്.സി. അല്ലെങ്കിൽ പാർട്ട് മൂന്ന് പാറ്റേൺ I ൽ ബന്ധപ്പെട്ട വിഷയം പഠിച്ചവർക്ക് ലാംഗ്വേജ് മുഖ്യ വിഷയത്തിന് 45 % മാർക്ക് അല്ലെങ്കിൽ പാർട്ട് മൂന്ന് പാറ്റേൺ II ൽ ബന്ധപ്പെട്ട വിഷയം പഠിച്ചവർക്ക് ലാംഗ്വേജ് മുഖ്യ വിഷയത്തിന് 45 % മാർക്ക്. 2) എം.എ. ഹിസ്റ്ററി - യോഗ്യത: പാർട്ട് III ഒപ്ഷണൽ വിഷയങ്ങൾക്ക് (സബ്സിഡറി ഒഴികെ) കുറഞ്ഞത് 45 % മാർക്കോടെ ഒന്നാം ക്ലാസ് ബിരുദം. 3) എം.എ. കംമ്പാരറ്റീവ് ലിറ്ററേച്ചർ - യോഗ്യത: പാർട്ട് ഒന്ന്, പാർട്ട് രണ്ടിലോ മൂന്നിലോ ഉള്ള ലാംഗ്വേജ് പേപ്പറിന് കുറഞ്ഞത് 45 % മാർക്കോടെ അംഗീകൃത ബിരുദം. 4) എം.എ. ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ - യോഗ്യത: പാർട്ട് ഒന്നിന് 45 % മാർക്കോടെയുള്ള ബി.എ./ബി.എസ്.സി. അല്ലെങ്കിൽ പാർട്ട് മൂന്ന് പാറ്റേൺ I ൽ ഇംഗ്ലീഷ് മെയിൻന് 45 % മാർക്ക് അല്ലെങ്കിൽ പാർട്ട് മൂന്ന് പാറ്റേൺ II ൽ ഇംഗ്ലീഷ് പഠിച്ചവർക്ക് ഇംഗ്ലീഷ് മുഖ്യ വിഷയത്തിന് 45 % മാർക്ക്. 5) എം.എൽ.ഐ.എസ്.സി. - യോഗ്യത: 50 % മാർക്കോടെ കാലിക്കറ്റ് സർവ്വകലാശാല ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത. 6) എം.എ. ഫിലോസഫി/പൊളിറ്റിക്കൽ സയൻസ് - പാർട്ട് III ഒപ്ഷണൽ വിഷയങ്ങൾക്ക് (സബ്സിഡറി ഒഴികെ) കുറഞ്ഞത് 45 % മാർക്കോടെ ഒന്നാം ക്ലാസ് ബിരുദം. 7) വുമൻസ് സ്റ്റഡീസ് - യോഗ്യത: പാർട്ട് ഒന്ന്, രണ്ട്, മൂന്നിൽ 50 % മാർക്കോടെ അംഗീകൃത ബിരുദം.

മേൽ പറഞ്ഞ എല്ലാ കോഴ്സുകളും കാലിക്കറ്റ് സർവ്വകലാശാല കാമ്പസ്സിലായിരിക്കും നടക്കുക.

www.universityofcalicut.info

തൃശ്ശൂർ അരണാട്ടുകരയിലുള്ള ഡോ. ജോൺ മത്തായി സെന്ററിൽ നടത്തുന്ന കോഴ്സുകൾ ചുവടെ.

1) എം.എ. എക്കണോമിക്സ് - യോഗ്യത: 45 % മാർക്കോടെയുള്ള എക്കണോമിക്സ്/ഫോറിൻ ട്രേഡ്/ഡവലപ്പമെന്റ് എക്കണോമിക്സ് ബിരുദം അല്ലെങ്കിൽ 70 % മാർക്കോടെയുള്ള മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ് ബിരുദം. 2) എം. എ. മ്യൂസിക് - യോഗ്യത: പാർട്ട് മൂന്നിൽ മെയിൻ വിഷയത്തിന് (സബ്സിഡറി ഒഴികെ) 45 % മാർക്കോടെ മ്യൂസിക് ബിരുദം (12 സീറ്റ്), 45 % മാർക്കോടെയുള്ള ഏതെങ്കിലും ബിരുദവും ആദി/അട/താള/വർണ്ണ - ഡിഗ്രി 2 സ്പീഡിലുള്ള പ്രാവീണ്യം (3 സീറ്റ്). 3) എം.ടി.എ. - യോഗ്യത: ബി.ടി.എ ബിരുദം, കാലിക്കറ്റ് സർവ്വകലാശാല അംഗീകരിച്ച എതെങ്കിലും ബിരുദം (തിയേറ്റർ പരിചയം ഉണ്ടായിരിക്കും).

എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് യോഗ്യതാപരീക്ഷയ്ക്ക് പാസ്മാർക്ക് മതി. ഒ.ഇ.സി./ഒ.ബി.സി. വിഭാഗക്കാർക്ക് 5 % മാർക്ക് ഇളവുണ്ടായിരിക്കും. അപേക്ഷാ ഫോമും മറ്റ് വിശദ വിവരങ്ങളും സർവ്വകലാശാല ഹെഡിൽ 50 രൂപ അടച്ചതിന്റെ ചലാൻ സഹിതം അതത് വിഭാഗ മേധാവിയിൽ നിന്നും ലഭിക്കും. കേരളത്തിനു പുറത്തുള്ളവർ ഫിനാൻസ് ഓഫീസറുടെ പേരിലെടുത്ത കാലിക്കറ്റ് സർവ്വകലാശാലാ പോസ്റ്റോഫീസിൽ മാറാവുന്ന പോസ്റ്റൽ ഓർഡർ ആയും ഫീസടിക്കാവുന്നതാണ്. അപേക്ഷാ ഫോം ജൂൺ 17 മുതൽ ലഭ്യമാണ്.

അപേക്ഷാ ഫോമിനും മറ്റ് വിശദവിവരങ്ങൾക്കും സർവ്വകലാശാല വെബ്സൈറ്റ് (www.universityofcalicut.info) നോക്കുക. ഡൗൺലോഡ് ചെയ്ത പൂരിപ്പിച്ച അപേക്ഷ അതത് വിഭാഗമേധാവികൾക്ക് പ്രസ്തുത ഫീസടച്ചതിന്റെ ചലാൻ സഹിതം സമർപ്പിക്കണം. പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി ജൂൺ 26 ആണ്.

937/10/പി.ആർ

**ട്യൂട്ടർ വാക്- ഇൻ-ഇന്റർവ്യൂ മാറ്റിവച്ചു**

കാലിക്കറ്റ് സർവ്വകലാശാല സെന്റർ ഫോർ ഹെൽത്ത് സയൻസിൽ ട്യൂട്ടർ തസ്തികയിലേക്ക് ജൂൺ 30 ന് ഭരണ വിഭാഗത്തിൽ വെച്ച് നടത്താനിരുന്ന വാക് ഇൻ ഇന്റർവ്യൂ മാറ്റിവച്ചു. ആ ദിവസത്തെ മറ്റ് തസ്തികകളിലേക്കുള്ള ഇന്റർവ്യൂവിന് മാറ്റമില്ല.

938/10/പി.ആർ

**പരീക്ഷാഫലം**

ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ത്രിവൽസര എൽ.എൽ.ബി./രണ്ടാം സെമസ്റ്റർ പഞ്ചവൽസര എൽ.എൽ.ബി./നാലാം സെമസ്റ്റർ പഞ്ചവൽസര എൽ.എൽ.ബി./ആറാം സെമസ്റ്റർ പഞ്ചവൽസര എൽ.എൽ.ബി., പരീക്ഷഫലങ്ങൾ പ്രസിദ്ധീകരിച്ചു. ഫലം സർവ്വകലാശാല വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധന, പുനർമൂല്യനിർണ്ണയം എന്നിവക്ക് ജൂൺ 26 വരെ അപേക്ഷിക്കാം.

939/10/പി.ആർ

**ഐ.ടി. മിഷൻ-അപേക്ഷാതിയ്യതി നീട്ടി**

കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള ഐ.ടി.മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി നടത്തപ്പെടുന്ന ജി.ഐ.ടി/ഡി.ഐ.ടി കോഴ്സുകളിലേക്ക് (2010-2011) പ്രവേശനത്തിനുള്ള അപേക്ഷ ജൂലൈ 15 വരെ അതത് ഐ.ടി. മിഷൻ കേന്ദ്രങ്ങളിൽ സ്വീകരിക്കും. കേന്ദ്രങ്ങളിൽ ലഭിച്ച അപേക്ഷകൾ അവർ സർവ്വകലാശാലയിൽ ജൂലൈ 22 നകം എത്തിക്കണം. വിശദവിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് (www.universityofcalicut.info) നോക്കുക.

940/10/പി.ആർ

**എം.എ. മ്യൂസിക് പ്രാക്ടിക്കൽ/വൈവ-വോസി**

ജൂണിൽ നടന്ന രണ്ടും നാലും സെമസ്റ്റർ എം.എ. മ്യൂസിക് പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ ജൂൺ 21 നും ജൂലൈ 5 നും ആരംഭിക്കും.

941-942/10/പി.ആർ

**എം.എസ്.സി. ബയോ ടെക്നോളജി വൈവ-വോസി**

നാലാം സെമസ്റ്റർ എം.എസ്.സി. ബയോ ടെക്നോളജി (നാഷണൽ സ്ട്രീം) പരീക്ഷയുടെ വൈവ ജൂലൈ 7 ന് ബയോ ടെക്നോളജി വിഭാഗത്തിൽ നടക്കും.

943/10/പി.ആർ